# ദലമർമ്മരം



## ഡിജിറ്റൽ മാഗസിൻ



**എസ് എസ് എം എച്ച് എസ് എസ്**

**തെയ്യാലിങ്ങൽ**

| |
|---|
| റവന്യൂ ജില്ല |
| മലപ്പുറം |
| വിദ്യാഭ്യാസ ജില്ല |
| തിരൂരങ്ങാടി |
| സബ്ജില്ല |
| താനൂർ |
| ഹെഡ്മാസ്റ്റർ |
| ചാക്കോ എൻ സി |

# ദലമർമ്മരം



ഒരു
ലിറ്റിൽ
കൈറ്റ്സ്
പ്രസിദ്ധീകരണം

## ചീഫ് എഡിറ്റർ

ശ്രേയ പി

## എഡിറ്റോറിയൽ ബോർഡ്

ചാക്കോ എൻ സി

ഫവാദ് വി പി

സിനി ഹരിദാസ്

അഹമ്മദ് നജീം

മുഹമ്മദ് ഹാദി

ഷഹ്‌ല ജാസ്മിൻ

# താളുകൾ മറിക്കുമ്പോൾ

## കവിത


അമ്മ
എന്റെ നാട്
ബലിമൃഗം
ന്യൂജനറേഷൻ
അറിഞ്ഞില്ല നിന്നെ
ലയനം
നന്ദിപൂർവ്വം


## കഥ


ജലസമാധി
നോക്കെത്താദൂരത്ത്
നിക്കാഹ്
ഊരാക്കുടുക്കിൽ

# ആമുഖം

ലിറ്റിൽ കൈറ്റ്സ് ക്ലബ് വിവര വിനിമയ സാങ്കേതിക വിദ്യയുടെ നൂതനസങ്കേതങ്ങൾ വിദ്യാർത്ഥികൾക്ക് തുറന്നുനൽകുന്നു. പല സോഫ്റ്റ് വെയറുകൾ പരിചയപ്പെടുന്നു, ഇതിൽ പ്രധാന സങ്കേതമാണ് സ്ക്രൈബസ്. ഈ സോഫ്റ്റ്വെയർ ഉപയോഗിച്ച് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ. വിദ്യാരംഗം കലാസാഹിത്യ വേദി വിദ്യാർത്ഥികളിൽ നിന്ന് ശേഖരിച്ച സാഹിത്യ സൃഷ്ടികൾ, ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനമായി ഒരു ഡിജിറ്റൽ മാഗസിൻ.

# അമ്മ

മായാത്തരാവുകൾ
മറയാത്തനിമിഷങ്ങൾ
മങ്ങാത്തകാഴ്ചകളമ്മയായി.
ചിരിക്കുന്നമുഖമായി
കരയുന്നകൺകളായ്
വാത്സല്യനിധിയായൊരമ്മയുണ്ട്.
നാളെയുമീഭൂമിപോലെയെന്നാശയെ
പാലൂട്ടിടാനമ്മകൂട്ടിനുണ്ട്.
കൈവിട്ടിടാതമ്മ കൂട്ടിനുണ്ടെന്നോർത്തു
കാൽനീട്ടി വച്ചുനടന്നിടുന്നു.

-മുഹമ്മദ് ഹാഫിൽ

- തയ്യാറാക്കിയത് ഷഹ്‌ല, നഹീമ

# എന്റെ നാട്

കളകളംപാടിയൊഴുകുമരുവികൾ
പലയിനംവൃക്ഷങ്ങൾ പുഷ്പജാലം
ദൈവം സമാധാനചിത്തമുറങ്ങുന്ന
സ്വർല്ലോകമെന്റെയീ കൊച്ചുനാട്

-ഹഫീഫ കെ ടി

തയ്യാറാക്കിയത്- ശ്രേയ

# ബലിമൃഗം

“സ്ത്രീവർഗമെന്നാൽ
ബലിമൃഗം തന്നെ”
പുരുഷന്റെ ലോകം
ഉരുവിട്ടിടുന്നു.

പെണ്ണിനെ പ്രണയ-
ച്ചതിക്കുഴിയിൽ വീഴ്ത്തും
ക്രൂരതേ, നിൻപേർ
പുരുഷത്വമെന്നോ!

നീചത്വരൂപമേ
നിന്നെയീഭൂമിയിൽ
സ്ത്രീകൾക്കുകാലനായ്
സൃഷ്ടിച്ചതാണോ?

തയ്യാറാക്കിയത് ഹാദി, മിസ്ഹബ്

# ന്യൂജനറേഷൻ

മുടിയിൽ  സ്പൈക്കിങ്ങുണ്ടുല്ലോ
മൂക്കിൻമേൽ കൂളിങ്ങ്ഗ്ലാസ്സും
അണിയാൻ കോട്ടുംസ്യൂട്ടും
ബൈക്കിലായി സഞ്ചാരവും
മൊബൈലിൽ ഫേസ്ബുക്കിൽ
ചാറ്റിങ്ങുംചീറ്റിങ്ങും പോൽ
ക്ലബ്ബ്ഫാഷനുകളിൽ
ബിയറും ഫോറിൻ സ്കോച്ചും
എവിടെത്തിരിഞ്ഞാലും
കാണാമീകൂട്ടങ്ങളെ
ന്യൂജനറേഷനത്രേ
പേരിവർക്കിന്തകാലം!

തയ്യാറാക്കിയത്   നജീം, ഇർഷാദ്

# അറിഞ്ഞില്ല നിന്നെ

**അ**റിഞ്ഞില്ല..
തൂമഞ്ഞുതുള്ളികളിൽ
പുഞ്ചിരിവിടർത്തും നിന്നെ
ഓർമ്മകൾ നീറിപ്പിടിക്കെ
കണ്ണുനീർത്തുള്ളിയായ് വന്ന നിന്നെ
നിശീഥിനിയിൽ
ഒറ്റനക്ഷത്രമായ് നിന്ന നിന്നെ.
എന്നുനിന്നരികെയെത്തും ഞാൻ?
അറിയില്ല.....

-ഷഹാന കെ..

- തയ്യാറാക്കിയത്    റിഫ, റഫ്ന

# ലയനം

അന്ധമായ്
നിന്നെ ഞാൻ പ്രണയിച്ചു
മനസ്സിൻചെപ്പ്
നിനക്കായ് തുറന്നുവച്ചു.
സ്വപ്നങ്ങളിൽ കുളിരായ്
ദുഃഖങ്ങളിൽ തണലായ്
എന്നെ നിനക്കായ് നൽകി
നിന്നിൽലയിച്ചു.
ഹാ, ശാന്തി.
ഒരിക്കലുമുണരാത്ത ശാന്തി!

- ആര്യ കെ.

- തയ്യാറാക്കിയത് മിൻഹ

# നന്ദിപൂർവ്വം

പാമ്പിനെപ്പോലെ
നീണ്ടുവളഞ്ഞ്
പുളഞ്ഞ
വളർന്നുവരുന്നുണ്ടൊരു ക്യൂ!
ഞാനിന്നലെമുതലതിലൊരു മെമ്പർ
നന്ദി ബിവറേജസ് ഷോപ്പെ !
ക്ഷമാശീലമെന്നെ പഠിപ്പിച്ചുവല്ലോ !

–നെബീൽ മുഹമ്മദ്

- തയ്യാറാക്കിയത് ശ്രീഗൗരി

# ജലസമാധി

ശങ്കരമ്മാശേ, കേറണില്ലേ?
വാ, ചായ കുടിച്ചിട്ട്  പോകാം

പത്രോം
വായിക്കാം"ചായക്കടയിൽനി
ന്ന് കാദരിക്ക വിളിച്ചുപറഞ്ഞു.

"ഇല്ലിക്കാ. പെണ്ണുമ്പിള്ള
കാത്തിരിക്ക്ണ്ടാവും.കുടീല്
ചെല്ലട്ടെ. പത്രത്തിൽ
എന്തൊക്കെയുണ്ട്
വിശേഷങ്ങൾ?

മുല്ലപ്പെരിയാർ പ്രശ്നം
എന്തായി?"

എന്താവാനാ മാശേ!
അതൊന്നും എള്ളുപ്പം
തീരാൻ പോണില്ല."

"ശരി... ശരി"

ശങ്കരൻമാഷ്
നടന്നകന്നു.അപ്പോഴാണ്
ജോസഫേട്ടന്റെ വരവ്.
എന്താ അച്ചായാ ,
ഈയിടെയായി
കാണാനില്ലല്ലോ."
ഞങ്ങനിപ്പൊ എത്രനാൾ മ്മള്
തമ്മിൽ കാണുന്ന്
കർത്താവിനേഅറിയൂ.
കാലാവധി കഴിഞ്ഞ
ഡാമല്ലേ!"

"കർത്താവിന് മാത്രമറിയുന്ന
കാര്യമല്ലല്ലോ അത് ഡാം
പൊട്ടും; ബെള്ളം
പാഞ്ഞുവരും. ആദ്യം ചാവ്വ
മ്മളാവും.ന്താ സംശയം?

ഇതു കേട്ടുകൊണ്ടാണ്
കല്ല്യാണബ്രോക്കർ
അബ്ദുല്ലക്കാ കയറിവന്നത്

എന്താ രണ്ടാളും കൂടി ഒരു
ചർച്ച?
കാദറേ,കടുപ്പത്തിലൊരു
കട്ടൻ ബേഗം എട്ക്ക്.അല്ല
ജോസഫേട്ടാ, ഇങ്ങടെ
മോൾക്ക് വയസ്സെത്രയായി!
കെട്ടിച്ച് വിട്ണില്ലേ?

"ങാ–ഒരാലോചന
നടക്കുന്നുണ്ട്. അവളെങ്കിലും
രക്ഷപ്പെട്ടാൽ മതിയാര്ന്നു"

ഉച്ചക്കഴിഞ്ഞ് ചാനലുകാര്
വന്നു.കാദറിക്കയുടെ

ചായപ്പീടിക ഉൾപ്പെടെ
അങ്ങാടിയിലെ എല്ലാ
സ്ഥാപനങ്ങളുടെയും
ഫോട്ടോയെടുത്ത്
വഴിപോക്കരോട് അഭിമുഖം
നടത്തി,

പാൽക്കാരൻ പയ്യൻ
പറഞ്ഞാണറിഞ്ഞത്,
അതെല്ലാം ടി,വിയിൽ
വന്നെന്ന്.കാണാൻ
കഴിയാഞ്ഞതിൽ പലർക്കും
ദുഃഖം!

“സൈനബാ... ന്താ പാത്രം
വീണ ഒരെച്ചാ! ഈ
പടിഎളക്ക്ണല്ലോ! ബേഗം
ബെളക്ക് തെളിക്ക്.”–
കാദറിക്ക വിളിച്ചു പറഞ്ഞു.

പുറത്തു ആരവം!

“കാദറിക്കാ,എറങ്ങി
വരീൻ,ഭൂമിക്കുലുക്കം!

അണപൊട്ടീക്ക്ണ്! വെള്ളം
വര്ണ്.... മണ്ടിക്കോളീ....”

“സൈനബാ...ണീക്ക്,
കുട്ട്യോളോം വിളി.ബെള്ളം
ബര്ണ്.
ഓടിക്കോളീ...”

എല്ലാവരും പരക്കംപാഞ്ഞു,
എങ്ങോട്ടെന്നില്ലാതെ...

വീണ്ടും ഒരു പ്രഭാതം.ആ
ഗ്രാമത്തിന്റെ അടയാളം
പോലും കാണാനില്ല!
മരക്കഷണങ്ങൾ മാത്രം
വെറുതെ ഒഴുകിനടന്നു

– മുൻഷിദ.സി

- തയ്യാറാക്കിയത് നഹാന,
ഷിഫാന

# നോക്കെത്താദൂരത്ത്

പ്രകൃതിയുടെ കണ്ണീര് പോലെ

മഴപെയ്തുകൊണ്ടിരുന്നു. ആ നാലുകെട്ടിലെ ഇരുണ്ടമുറിയിൽ

തനിച്ചിരിക്കാണ് ഒരു സ്ത്രീ. പ്രായം 60 ഉണ്ടാവും . വിഷാദമാണ്

മുഖത്തെ സ്ഥായീഭാവം.

"ചേച്ചീ ഞാനിതിവിടെ വെക്കാണ് " – തൊട്ടടുത്ത വീട്ടിലെ സുമ ഭക്ഷണം മേശപ്പുറത്ത് വച്ചിട്ട് പറഞ്ഞു.

"ഉം"

ആ സ്ത്രീയിൽനിന്ന് ഒരു മൂളൽ മാത്രം പുറത്തു

വന്നു. പൊതുവെ സംസാരിക്കാറില്ല അവർ. എങ്കിലും സുമയ്ക്ക്

അവരെ ഒത്തിരി ഇഷ്ടമാണ് . അവൾക്ക് ആ അമ്മയെ

നന്നായറിയാം. ഇത്രയ്ക്ക് സ്നേഹമുള്ള ഒരമ്മ

ഭൂമുഖത്തുണ്ടാവില്ല.

അച്ഛനും അമ്മയും അവരുടെ മുത്തശ്ശിയും

സന്തോഷത്തോടെ കഴിഞ്ഞിരുന്ന ആ തറവാട്ടിൽ ഇന്ന് അമ്മ

തനിച്ചാണ്. മുത്തശ്ശിയുടെ മരണത്തോടെയാണ് ആ

ഗൃഹാന്തരീക്ഷത്തിൽ ആദ്യമായി വിഷാദത്തിന്റെ കരിനിഴൽ

വീണത്.

ആ തീരാദുഃഖത്തിൽനിന്ന് കരകയറും മുമ്പേ അച്ഛൻ

വാഹനാപകടത്തിൽ മരിച്ചു. അതോടെ മക്കൾക്ക് അമ്മമാത്രമായി

ആശ്രയം. മക്കൾക്കുവെണ്ടി സമർപ്പിക്കപ്പെട്ട ജീവിതമായിരുന്നു

അവരുടേത്. മക്കൾ പഠിക്കാൻ സമർത്ഥരായിരുന്നു.

ഇന്ന് അവർ വിദേശത്താണ്

അച്ഛനമ്മമാരിൽനിന്നു ലഭിച്ച സ്നേഹത്തിന്റെയോ

മുത്തശ്ശിയിൽ നിന്നു ലഭിച്ച

വാത്സല്യത്തിന്റെയോ ഓർമകൾ ഇന്ന് അവരുടെ മനസ്സിലില്ല.ചെറുപ്പത്തിൽ അമ്മയുടെ മടിയിലിരിക്കാൻ മത്സരിച്ചിരുന്നവരാണവർ. ബാലു ഇന്ന് ഡോ. ബാലചന്ദ്ര മേനോനും മാളു ഡോ. മാളവികമേനോനുമാണ്.

അമ്മ തനിച്ചാണ് എന്നുള്ള ചിന്ത അവരെ അലട്ടുന്നില്ല. അമ്മയുടെ ആരോഗ്യനിലയെക്കുറിച്ച് അവർ ആശങ്കപ്പെടുന്നില്ല. സുമ മേശപ്പുറത്ത് വച്ചിട്ട് പോയ ഭക്ഷണം തണുത്തിരിക്കുന്നു. അമ്മ ജനാലയിലൂടെ വെളിയിലേക്കു നോക്കിയിരിക്കയാണ് . തൊടിയിൽ പണ്ട് മക്കൾ നട്ട മാവ് പൂവിട്ടിരിക്കുന്നു. പക്ഷേ അതു കാണാൻ അവരില്ല ........

ഇർഫാന.പി

തയ്യാറാക്കിയത്    ശിഖ, അശ്വിനി

# നിക്കാഹ്

ഒടുവിൽ രോഗിയായ ബാപ്പയുടെ വാക്കുകൾക്ക് മുമ്പിൽ കീഴടങ്ങുകയായിരുന്നു. മോനെ ഒക്കത്തുവെച്ചാണ് പെണ്ണു കാണാൻ നിന്നത് . ചടങ്ങുകളെല്ലാം കഴിഞ്ഞ് ഭർത്താവിനൊപ്പം കാറിൽ കയറാനൊരുങ്ങവേ പിന്നിൽനിന്നുള്ള വിളികേട്ട് അവൾ ഞെട്ടി. ഇമ്മച്ചീ.....ന്റുമ്മച്ചീ.....കരഞ്ഞു കൊണ്ട് ഓടിവരികയാണ് മകൻ. അവൾ എല്ലാം മറന്ന് കുഞ്ഞിനെ മാറോട് ചേർത്ത് പൊട്ടിക്കരഞ്ഞു. എല്ലാവരും അന്തിച്ച നിൽക്കവേ അയാൾ കാറിൽ നിന്നിറങ്ങി കുഞ്ഞിനെ വാങ്ങി. നെഞ്ചോട് ചേർത്ത് ഓമനിച്ചു. അവന്റെ കരച്ചിലടങ്ങി.

"മ്മാ ദാരാ?"

ഉത്തരം പറഞ്ഞത് അയാളാണ്. "നിന്റുപ്പയാണ് മോനെ".

അവൾ ഉൾക്കുളിരോടെ അയാളുടെ
മുഖത്തേക്ക് നോക്കി. ആ കണ്ണുകളിൽനിന്ന്
രണ്ടുനീർമുത്തുകൾ അടർന്നു വീണു.
അത് തന്റെ ഹൃദയത്തിലേക്കാണ് ഒഴുകി വീണതെന്ന്
അവൾക്ക് തോന്നി.

–മുർഷിദ പി.

– തയ്യാറാക്കിയത് അലൈന

# ഊരാക്കുടുക്കിൽ

മ◌ൂവന്തിനേരത്ത് അയൽപക്കത്തെ കേശവൻമുതലാളിയുടെ

വീട്ടിൽ ഭയങ്കര ബഹളം !രാജുവും ചിന്നുവും ഓടിച്ചെന്നു.

അയ്യോ ! അച്ഛനെയാണല്ലോ ആ ദുഷ്ടൻ വഴക്ക് പറയുന്നത്.

"എവിടെടാ മൊതല് ? എവിടെയാ പലിശ ?

രണ്ട് മാസമായല്ലോ നീ ഒളിച്ചുകളി തുടങ്ങിയിട്ട് !"

"അത്... മൊതലാളീ , എനിക്ക് കുറച്ച് സാവകാശം തരണം. ഒരാഴ്ചക്കകം പലിശ അടച്ചോളാം.മൊതല്..."

" മൊതല് നിനക്ക് മനസ്സുള്ളപ്പൊ തന്നാ മതി..പക്ഷേ പലിശ കൃത്യമായി കിട്ടണം.മനസ്സിലായോ ?"

"ഉവ്വ്."
"എന്നാൽ പൊയ്ക്കൊ".

പാക്കരൻ നിറകനിറകണ്ണുകളോടെ വീട്ടിലേക്ക് നടന്നു .
കൂരയിലെത്തിയിട്ടും അയാൾ ആലോചനയിലാണ്.
കുട്ടികളെ സ്കൂളിലയക്കാൻ 3,500 രൂപ കടം വാങ്ങിയിട്ട് ഒരു കൊല്ലമേ ആയുള്ളു; ഇപ്പോൾ പലിശയും കൂട്ടുപലിശയുമായി
5,000
കവിഞ്ഞെന്നാ മൊതലാളി പറഞ്ഞത് .

മുതലാളിക്ക് മാത്രമല്ല കൊടുക്കാനുള്ളത് പാൽക്കാരി സിന്ധുവിന് പീടികക്കാരൻ സുകുമാരന്....

"വെശന്നിട്ട് വയ്യാ "! - ശബ്ദം രാജുവിന്റേത്.

"കപ്പ പുഴുങ്ങി വച്ചിട്ടുണ്ടല്ലോ മോനേ ."എടുത്ത് കഴിച്ചോ."

".കപ്പ തിന്ന് മടുത്തു സ്കൂളിൽ
പോയിരുന്നെങ്കിൽ
ഒരുനേരമെങ്കിലും
ചോറ് കിട്ടിയേനെ."

13-ാം വയസ്സിൽ പഠനം
മുടങ്ങിയത് നീ മോഷ്ടിച്ചത്
കൊണ്ടല്ലേ . അതും സഹികെട്ട് !
അച്ഛൻ ഇതുവരെ ഇങ്ങനെ
പേരുദോശം കേൾപ്പിച്ചിട്ടില്ല.

പാക്കരൻ എന്തോ
മനസ്സിലുറപ്പിച്ചു.പിന്നെ വേഗം
അടുക്കളയിലേക്ക് നടന്നു.
കുറേകഴിഞ്ഞ് മക്കളെ
വിളിച്ചുവരുത്തി .

ഇപ്പോൾ മൂവരും പുഴുക്ക്
തിന്നുകയാണ്.

ചിന്നു പറഞ്ഞു :
"അച്ഛാ ഈ കപ്പയ്ക്ക് നല്ല കയ്പ്പ് .!"

"വിശമിട്ട് ഉണ്ടാക്കിയതല്ലേ മോളേ .
എങ്ങനെ കൈക്കാതിരിക്കും"

പിന്നെ ആരും മിണ്ടിയില്ല.

അവർ ഉറങ്ങാൻ കിടന്നു.
നേരം പുലർന്നിട്ടും ആരും
ഉണർന്നില്ല.

–അതീന . പി കെ
–തയ്യാറാക്കിയത്
ഷംന